കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
(e-mail:doklm.ksad@kerala.gov.in)

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം- ഡിബി-457/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി, 13/03/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം- ഡിബി-457 /17 തീയതി, 13/03/2017

<u>കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.16 മുതൽ 15.2.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. മിനി.എ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.2.17 മുതൽ<br>28.2.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ.ജി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.മണിലാൽ.വി | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.മനു.കെ.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീജ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എൻ.വാസവൻ | 1.4.15മുതൽ 30.10.15വരെ |
| സെക്രട്ടറി | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 31.1015മുതൽ 30.11.15വരെ |
| | ശ്രീമതി.രഞ്ചു സുരേഷ് | 1.12.15മുതൽ 31.3.16 വരെ |
| | ശ്രീ.ജി.സുധാകരൻ | 1.4.15മുതൽ 8.2.16 വരെ |
| | ശ്രീ.ശുഭ.എസ് | 9.2.16മുതൽ 31.3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | | |
| കൃഷി.അസി.ഡയറക്ടർ | ശ്രീമതി.ശ്രീലത കുഞ്ഞമ്മ.എം.പി | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ഹസൻ കുഞ്ഞ് | 1.4.15 മുതൽ 7.4.15 വരെ |
| | ഡോ.എ.അഭിലാഷ് | 8.4.15 മുതൽ 18.6.15 വരെ |
| | ഡോ.അസുന്താമേരി | 19.6.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, | ഡോ.അനീഷ് | 1.4.15 മുതൽ |

| | | |
|---|---|---|
| സി.എച്ച്.സി, കുളത്തുപ്പുഴ | | 25.6.15 വരെ |
| | ഡോ.സുജ.എം.എസ് | 26.6.15 മുതൽ 22.10.15 വരെ |
| | ഡോ. എസ്.ഹരീഷ് | 23.10.15 മുതൽ 31.3.16വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.സാലി ഉമ്മൻ | 1.4.15 മുതൽ 31.5.16 വരെ |
| | ശ്രീമതി.ഷൈജ.ബി (അഡിഷണൽ ചാർജ്) | 1.6.15 മുതൽ 18.6.15 പൂർവ്വാഹ്നം വരെ |
| | ശ്രീമതി.മഞ്ജു.കെ.എസ് | 18.6.15 അപരാഹ്നം മുതൽ 9.9.15 വരെ |
| | ശ്രീമതി.ബിജിമോൾ.ഇ.ആർ | 10.9.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്. സി, അഞ്ചൽ | ഡോ.രാധാകൃഷ്ണൻ | 1.4.15മുതൽ 31.5.15 വരെ |
| | ഡോ.ജസ്റ്റിൻ ജോസ് | 1.6.15മുതൽ 4.1.16 വരെ |
| | ഡോ.ഷമീർ | 5.1.16മുതൽ 31.3.16വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.എസ്. സുദർശനൻ ആചാരി | 1.4.15മുതൽ 31.3.16 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.സരള.ജെ | 1.4.15മുതൽ 31.3.16 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 3 | |
| 12 | ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങൽ 50,76,506/-രൂപ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകി - സ്കൂട്ടർ ലഭിച്ചില്ല . | 3-1 |
| 13 | ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ – സർക്കാർ അംഗീകരിച്ച വിലയിൽ കൂടുതലായി സിഡ്കോയ്ക്ക് നല്കിയിട്ടുള്ള 158187 രൂപാ നിരാകരിക്കുന്നു. | 3-2 |
| 14 | റേറ്റ് കോൺട്രാക്ട് പ്രകാരം സിഡ്കോയിൽ നിന്നും സൈക്കിൾ വാങ്ങി- 99000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |

| | | |
|---|---|---|
| | | |
| 15 | ഫർണ്ണീച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി- 39,573/- രൂപയുടെ നഷ്ടം. | 3-4 |
| 16 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല- 5,38,864/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 |
| 17 | എറം പെരിഞ്ഞേലിക്കോണം കോളനി റോഡ് കോൺക്രീറ്റ്, ആവശ്യമായ അളവിൽ സിമന്റ് ഉപയാഗിച്ചിട്ടില്ല. ഉപയാഗിക്കാത്ത സിമന്റിന് നല്കിയിട്ടുള്ള 15545/- രൂപ നിരാകരിക്കുന്നു. | 3-6 |
| 18 | കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചു, 208508 രൂപാ നിരാകരിക്കുന്നു. | 3-7 |
| 19 | താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, 34257/- രൂപയുടെ നഷ്ടം | 3-8 |
| 20 | ടാറിംഗ് പ്രവൃത്തികളിൽ , ആവശ്യമായ അളവിൽ ബിറ്റുമിൻ ഉപയാഗിച്ചിട്ടില്ല. ഉപയാഗിക്കാത്ത ബിറ്റുമിന് നല്കിയിട്ടുള്ള 24618/-രൂപ നിരാകരിക്കുന്നു | 3-9 |
| 21 | ഡെപ്പോസിറ്റ് വർക്കുകൾ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 3-10 |
| 22 | ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും വാട്ടർ കൂളർ,ഹീറ്റർ എന്നിവ വാങ്ങി- 51,234/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |
| 23 | അഞ്ചൽ സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ – 29,136/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 3-12 |
| 24 | കുളത്തൂപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഫാർമസി | 3-13 |

| | | |
|---|---|---|
| | യിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങൽ- പ്രിന്ററും യു.പി.എസ്സും ലഭിച്ചില്ല- 5400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 25 | ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ലാത്ത ഇനത്തിൽ ധനസഹായം നൽകിയ 532500/- രൂപ തടസ്സപ്പെടുത്തുന്നു | 3-14 |
| 26 | സബ്ഡിവിഷൻ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് പാലിക്കാതെ ലേലത്തുക സ്പെഷ്യൽ റ്റി.എസ്.ബി അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 3-15 |
| 27 | കുളത്തുപ്പുഴ സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ- 2,13,500/- രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 3-16 |
| 28 | കുളത്തുപ്പുഴ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ലാബ്, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിൽ ശീതീകരണം - വാങ്ങിയ ഏ.സി. പ്രവർത്തന സജ്ജമാക്കിയില്ല. | 3-17 |
| 29 | അംഗനവാടി പുനരുദ്ധാരണത്തിനുള്ള കേന്ദ്ര സഹായം ഉപയോഗിച്ച് പുനരുദ്ധാരണം നിർവ്വഹിച്ച അംഗനവാടി കെട്ടിടത്തിൽ സ്വകാര്യ ഗ്രന്ഥശാല പ്രവർത്തിക്കുന്നു. പുനരുദ്ധാരണംത്തിനായി ചെലവഴിച്ച 493706/- രൂപ തടസ്സപ്പെടുത്തുന്നു | 3-18 |
| 30 | I.A.Y ഭവന നിർമ്മാണ പദ്ധതി നിർവ്വഹണത്തിന് സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തി വേതനം നൽകി. | 3-19 |
| 31 | I.A.Y ഡേറ്റാ എൻട്രി ചെയ്ത ഇനത്തിൽ M.G.N.R.E.S ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതനം നൽകിയിരിക്കുന്നു. | 3-20 |

| | ഭാഗം 4 | |
|---|---|---|
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് ൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 37 | ഓഡിറ്റ് റിക്കവറി | 4.6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 6.3.15 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.15 | 15.7.15 | -------- | ------- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2015-16 | 27.2.17 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

*വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ*

1.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമ നിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

4.ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5.ലോൺ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ Secured loan ആയി രേഖപ്പെടുത്തി യിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല

6.Rent from building, Re-imbursement of other expenses incurred, Remission and refund എന്നിവ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വരവ് വന്ന തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7.മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എ.സി.ആർ പ്രകാരമുള്ള വരവും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.
8.ഐ.എ.വൈ വരവുകളുടെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ, റിക്കൺസിലേഷൻ പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 66797310 രൂപ |
| വരവ് | 197301147 രൂപ |
| ആകെ | 264098457രൂപ |
| ചെലവ് | 156700972 രൂപ |
| നീക്കിയിരിപ്പ് | 107397485 രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21760776 | 37038229 | 58799005 | 58799005 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 7626347 | 16898124 | 24524471 | 24524471 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 432000 | 432000 | 432000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | - | - | - | - | |
| സംരക്ഷണഗ്രാന്റ് നോൺ (റോഡ്) | 8094761 | 3502337 | 11597098 | 11597098 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | |
| എം.എൻ.ആർ.ഇ.ജി. എസ്. | - | - | - | - | - | |
| ബി ഫണ്ട് | - | - | - | - | - | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 204738536 | 142 | 91797687 | - | 54 | 72.44 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.09 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 20500 | 747324 | 726824 | |
| മറ്റുവരവുകൾ | 5578278 | 3838225 | 1740053 | |
| ആകെ | 5598778 | 4585549 | -1013229 | 18.09 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.2.17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വാങ്ങുന്ന ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പിപാലിച്ച വരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/1/17 മുതൽ 16/1/17 വരെ | 2010-11 to 2015-16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13/8/15 മുതൽ 18/8/15 വരെ | ലഭ്യമല്ല | 16/09/15 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ വാങ്ങൽ - 50,76,500/-രൂപ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകി - സ്കൂട്ടർ ലഭിച്ചില്ല .

പ്രോജക്ട് നമ്പർ:S0162/16

ബിൽ നമ്പർ :01/15-16/31.03.16:4933500/- രൂപ (ഡിഡി നം. 459868/2.4.16)

:02/15-16/31.03.16:143000/-രൂപ (ഡിഡി നം. 459869/2.4.16)

:03/15-16/31.03.16:6770/-രൂപ

ഫണ്ട് – വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ : ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ

2015-16 വർഷത്തിൽ ഭിന്നശേഷി ഉള്ളവർക്ക് സൈഡ് വീലോട്ട കൂടിയ സ്കൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കേരള വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും 71 സ്കൂട്ടറുകൾ വാങ്ങുന്നതിനു വേണ്ടി 50,76,500/- രൂപ നൽകി ഒരു വർഷം കഴിഞ്ഞിട്ടും സ്കൂട്ടർ ലഭിച്ചില്ല.

50,76,500/-രൂപ സ്കൂട്ടറുകൾ വാങ്ങുന്നതിനും, 6770/-രൂപ സ്കൂട്ടർ വാങ്ങുന്നതിനുള്ള അനുബന്ധച്ചെലവുകൾക്കുമായി പ്രോജക്ടിൽ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. 5083270/-രൂപ ചെലവഴിച്ച പ്രോജക്ടിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട് .

1)കേരള വികലാംഗ ക്ഷേമ കോർപ്പറേഷനുമായി നിയമപരമായ എഗ്രിമെൻറ് വെച്ചിട്ടില്ല.
2)കേരള ഓട്ടോമൊബൈൽസിൽ നിന്നും സ്കൂട്ടർ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിതരണം ചെയ്യാൻ സാധിക്കു എന്നാണ് 02.03.16ലെ ഇൻവോയ്സിലെ നാലാമത്തെ വ്യവസ്ഥയായി വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. കേരള ഓട്ടോമൊബൈൽസിന് ഏതെങ്കിലും തരത്തിൽ സ്കൂട്ടർ നല്കാൻ കഴിയാതെ വന്നാൽ സ്കൂട്ടർ ലഭ്യമാക്കുന്നത് സംബന്ധിച്ച് യാതൊരുവിധമായ ഉറപ്പും വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടില്ല.

3)ഇൻവോയ്സിലെ നിരക്കിനേക്കാൾ അധികം തുക നൽകി -70000/- രൂപ നിരാകരിക്കുന്നു, സ്കൂട്ടറുകൾ ലഭ്യമാക്കാത്തതിനാൽ 5006500/-രൂപ തടസ്സപ്പെടുത്തുന്നു.

28സ്കൂട്ടറുകൾക്ക് 69000/-രൂപ നിരക്കിൽ നൽകാമെന്ന് ഇൻവോയിസ് നമ്പർ.28/B3 /2016/HPWC dtd:11.01.16 പ്രകാരം വികലാംഗ ക്ഷേമ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ അറിയിച്ചിട്ടും, കമ്മിറ്റിയിൽ പ്രസ്തുത തുക സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനിക്കാതെ പ്രോജക്റ്റ് റിവൈസ് ചെയ്ത് 71 സ്കൂട്ടറുകൾ വാങ്ങാൻ (കമ്മിറ്റി നം.3/17.12.15പ്രകാരം) തീരുമാനിച്ചു. സ്കൂട്ടർ ഒന്നിന് 71500/- രൂപ നിരക്കിൽ 71 സ്കൂട്ടറുകൾ വാങ്ങാനായി കമ്മിറ്റി(തീരുമാനം നമ്പർ1/9 തീ:24.02.2016 ) തീരുമാനിക്കുകയും ആയതിൻ പ്രകാരം 28 സ്കൂട്ടറുകൾക്ക് ഉൾപ്പടെ 71 സ്കൂട്ടറുകൾക്ക് ആകെ 71500/-രൂപ നിരക്കിൽ 5076500 /- രൂപ കേരള വികലാംഗ കോർപ്പറേഷനിൽ ഒടുക്കുകയും ചെയ്തു.

(ഡിഡി നം. 459868/2.4.16 – 4933500/- രൂപ) (ഡിഡി നം. 459869/2.4.16 – 143000/-രൂപ )

2015-16വർഷം ചവറ ബ്ലോക്കിൽ ഇൻവോയ്സ് നമ്പർ 4193/B3/2015/HPWC dtd:22.02.16 പ്രകാരം ഒരു മഹീന്ദ്ര 125 സി സി സ്കൂട്ടറിന് 69000/-രൂപ നിരക്കിലാണ്

വികലാംഗ ക്ഷേമ കോർപ്പറേഷൻ നൽകിയത്. 02.03.16യിലെ ഇൻവോയ്സ് നമ്പർ 28/B3/2016/HPWC പ്രകാരം ഒരു മഹീന്ദ്ര 125 സി സി സ്കൂട്ടറിന് 71500/- രൂപ നിരക്കിലാണ് അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന് നല്കിയിരിക്കുന്നത്. കേവലം 8 ദിവസങ്ങളുടെ വ്യത്യാസത്തിൽ 2500/-രൂപാ ക്രമത്തിൽ 71 സ്കൂട്ടറുകൾക്ക് 177500/-രൂപ വികലാംഗ ക്ഷേമ കോർപ്പറേഷൻ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അധികം വാങ്ങിയിട്ടുണ്ട്. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 6/23.02.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഫോൺ മുഖാന്തിരം വികലാംഗ ക്ഷേമ കോർപ്പറേഷനിൽ അന്വേഷിച്ചതിൽ, മാർക്കറ്റിൽ വണ്ടിയുടെ വിലയിൽ വ്യത്യാസം വന്നു എന്നും, 28 സ്കൂട്ടറുകളുടെ വിലയും 71 സ്കൂട്ടറുകളുടെ വിലയും തമ്മിലുള്ള ടാക്സ് വ്യത്യാസം സംഭവിച്ചുവെന്നും, ഫോണിലൂടെ ഉള്ള നിർദ്ദേശ പ്രകാരം ടി പ്രോജക്ടിന്റെ തുക ബ്ലോക്ക് കമ്മിറ്റിയിൽ വെച്ച് മുൻകൂർ അനുമതി ലഭ്യമാക്കി നല്കുകയുംചെയ്തുവെന്നും, സ്കൂട്ടർ വിതരണത്തിന് കാലതാമസം നേരിടുന്നതിനാൽ നിരവധി തവണ വികലാംഗക്ഷേമ കോർപ്പറേഷനും, കേരള ഓട്ടോ മൊബൈൽസിനും കത്തുകൾ നല്കിയിട്ടുണ്ടെന്നുമുള്ള മറുപടി ആണ് നിർവഹണഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. എന്നാൽ രേഖാ മൂലമല്ലാതെ ഫോൺ മുഖാന്തിരം ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് 71500/- രൂപക്ക് 28 സ്കൂട്ടറുകൾ വാങ്ങാൻ അനുമതി വാങ്ങിയ നടപടി അംഗീകരിക്കുന്നില്ല. ഇപ്രകാരം 28 സ്കൂട്ടറുകൾക്ക് 71500/-രൂപ നിരക്കിൽ ഒടുക്കിയതിലൂടെ 70000/-(28x2500)രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ 70000/-രൂപ നിർവഹണ ഉദ്യാഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്ക് വരുത്തേണ്ടതാണ്. 71സ്കൂട്ടറുകൾക്കായി വികലാംഗ ക്ഷേമ കോർപ്പറേഷനിൽ 31.3.16 ൽ 50,76,500/-രൂപ ഒടുക്കി ഏകദേശം ഒരു വർഷത്തോളമായിട്ടും ഒരു സ്കൂട്ടർ പോലും ലഭ്യമാക്കിയിട്ടില്ല. സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ 4% പലിശ നിരക്കിൽ ഏകദേശം 200000/- രൂപയോളം പലിശ ലഭിക്കുമായിരുന്ന തുകയാണ് യാതൊരു കരാറുമില്ലാതെ വികലാംഗ കോർപ്പറേഷനിൽ ഒടുക്ക് വരുത്തിയത്. സ്കൂട്ടറുകൾ ലഭ്യമാക്കാത്തതിനാൽ വികലാംഗ കോർപ്പറേഷനിൽ ഒടുക്ക് വരുത്തിയ 5076500 /- രൂപയിൽ നിരാകരിച്ച 70000/- രൂപ കിഴിച്ച് ( 28സ്കൂട്ടറുകൾക്ക് 69000/-രൂപ നിരക്കിൽ നൽകാമെന്ന് ഇൻവോയിസ് നമ്പർ.28/B3/2016/HPWC dtd:11.01.16 പ്രകാരം സമ്മതിച്ചതിൽ അധികമായി നല്കിയത്) 28 സ്കൂട്ടറുകളുടെ വില 1932000/- രൂപയും(28 X69000) ബാക്കി 43 സ്കൂട്ടറുകൾക്ക് 71500 /- രൂപ നിരക്കിൽ 3074500/- രൂപയും ഉൾപ്പെടെ ആകെ 5006500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ലഭിക്കാനുള്ള 71 സ്കൂട്ടറുകൾ ലഭ്യമാക്കി ഉപ ജീവനത്തിനായി കാത്തിരിക്കുന്ന വികലാംഗർക്കു നൽകുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-2** ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ **(248/16)** സർക്കാർ അംഗീകരിച്ച വിലയിൽ കൂടുതലായി സിഡ്കോയ്ക്ക് നല്കിയിട്ടുള്ള **158187** രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ബ്ലോക്ക് ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി,അസി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23-03-2013 ലെ വിതരണ ഉത്തരവ് അനുസരിച്ച് ബിൽ നമ്പർ 115 / 15-16 തീ. 23-03-2016 പ്രകാരം സംരക്ഷണ ഗ്രാന്റിൽ നിന്നും (റോഡിതരം)504793 രൂപ പിൻവലിച്ച് , ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും വിവിധ ഫർണിച്ചർ വാങ്ങി. സർക്കാർ ഉത്തരവ് (സാധാ)നം 26 /15/ എസ് പി ഡി ,തീ. 28-05-2015 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും വാങ്ങുന്ന ഫർണിച്ചറിന് ഈടാക്കാവുന്ന വില അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പ്രോജക്റ്റ് പ്രകാരം വാങ്ങിയ താഴെപ്പറയുന്ന ഫർണിച്ചറിന് കൂടിയ നിരക്ക് നല്കിയിട്ടുണ്ട്.

| ക്രമ നം | ഇനം | എണ്ണം | അംഗീകരിച്ച നിരക്ക് | നല്കിയ നിരക്ക് | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | തേക്ക് തടി ഡബിൾ ഡ്രായർ മേശ120 x75x 75 സെ മീ. | 4 | 14003 | 15500 | 5988 |
| 2 | സ്റ്റീൽ ബുക്ക് ഷെൽഫ് (4 കമ്പാർട്ട്മെന്റ്)165 x83x 30(20 ഗേജ്) | 2 | 10259 | 10878 | 1238 |
| 3 | ഹാർഡ് വുഡ് കുഷ്യൻ ചെയർ | 6 | 6048 | 8225 | 13062 |
| 4 | സ്റ്റീൽ മേശ ഒരു ഡ്രായർ,ഒരു കബോർഡ്135 x75 x75 (20 ഗേജ്) | 1 | 6563 | 8500 | 1937 |
| 5 | തേക്ക് തടി ആം ചെയർ (Seat and back Plastic Rattened) | 6 | 5104 | 9565 | 26766 |
| 6 | കമ്പ്യൂട്ടർ ടേബിൾ (ഒരു ഡ്രായർ, സിപിയു, കീ ബോർഡ് പ്രൊവിഷൻ എന്നിവ ഉൾപ്പെടെ) 120 x75 x75 (20 ഗേജ്) | 6 | 7364 | 8500 | 6816 |
| 7 | സ്റ്റീൽ കാബിനെറ്റ് വിത്ത് ലോക്കർ 198 x90x 48 (20 ഗേജ്) | 2 | 9916 | 23000 | 26168 |
| 8 | കമ്പ്യൂട്ടർ ചെയർ വിത്ത് ആം, റിവോൾവിംഗ് | 6 | 5976 | 6200 | 1344 |
| 9 | സ്റ്റീൽ കാബിനെറ്റ് വിത്ത് 4 ഫിക്സഡ് ഷെൽവ്സ് | 4 | 7791 | 21500 | 54836 |
| | ആകെ | | | | 138155 |
| | വാറ്റ് 14.5% | | | | 20032 |
| | ആകെ മൊത്തം | | | | 158187 |

ഇപ്രകാരം 158187/- രൂപ അധികം ചെലവഴിച്ച്, കൂടിയ നിരക്കിൽ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16,തീ26-02-2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതലായി സിഡ്കോയ്ക്ക് നല്കിയിട്ടുള്ള 158187/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക സിഡ്കോയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-3 റേറ്റ് കോൺട്രാക്ട് പ്രകാരം സിഡ്കോയിൽ നിന്നും സൈക്കിൾ വാങ്ങി- 99000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ (158/16) റേറ്റ് കോൺട്രാക്ട് പ്രകാരം സിഡ്കോയിൽ നിന്നും 22 സൈക്കിളുകൾ നികുതിയുൾപ്പടെ - 99000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.(ബിൽനം. 5/15-16 /31.03.16). വികസനഫണ്ട് (എസ്.സി.പി) സൈക്കിൾ വാങ്ങിയതിന്റെ വിവരം

| Item | Rate | Nos | Total amount |
|---|---|---|---|
| Herocycles for gents(HeroNytro integra26) | 4285.71 | 12 | 51428.52 |
| Herocycles for ladies(Hero Miss India velvet) | 4285.71 | 10 | 42857.10 |
| Vat-5% | | | 94285.62 |
| Grand total | | | 99000 |

ആകെ 136 സൈക്കിളുകൾ വാങ്ങാനാണ് 615000/- രൂപ അടങ്കൽ തുക വെച്ചിരുന്നത്.എന്നാൽ അഞ്ചൽ വെസ്റ്റ് സ്കൂളിലെ 22 കുട്ടികൾക്ക് മാത്രമാണ് സൈക്കിൾ അനുവദിച്ചു നൽകിയത്. റേറ്റ് കോൺട്രാക്ടിൽ സിഡ്കോയിൽ നിന്നും സൈക്കിൾ വാങ്ങിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 9/23.02.17) -യ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്നതിനാലാണ് സിഡ്കോയിൽ നിന്നും വാങ്ങിയത്, എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സിഡ്കോ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ട സ്ഥാപനമല്ല .ആയതിനാൽ റേറ്റ് കോൺട്രാക്ട് പ്രകാരം സൈക്കിൾ വാങ്ങാൻ ചെലവഴിച്ച 99000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഫർണ്ണീച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി-39,573/-രൂപയുടെ നഷ്ടം.

1.പ്രോജക്റ്റ് നം. :215/16

അടങ്കൽ : 4,00,000(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് : 1,48,328/-രൂപ

ബിൽ നം. : 23/15-16/29.3.2016

2.പ്രോജക്റ്റ് നം. :98/16(സ്പിൽ ഓവർ)എസ്റ്റിമേറ്റ് : 1,00,000/-രൂപ((മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് : 97,898/-രൂപ

ബിൽ നം. : 21/15-16/29.3.2016

സിഡ്കോയിൽ നിന്നുള്ള ഫർണ്ണിച്ചറിൻെറ വില്പനവില 28.5.2015-ലെ ജി.ഒ.(ആർ.ററി.)നം. 26/15/എസ്.പി.ഡി. പ്രകാരം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗ സ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.215/16( അഞ്ചൽ ബ്ലോക്കപഞ്ചായത്തിന് ഫർണ്ണിച്ചർ വാങ്ങൽ), പ്രോജക്ട് നം. 98/16 (സ്റ്റിൽ ഓവർ) (അഞ്ചൽ സി.എച്ച്.സി.വിശ്രമ കേന്ദ്രത്തിന് കസേര വാങ്ങൽ) എന്നിവ പ്രകാരം വാങ്ങിയ താഴെ പറയുന്ന ഫർണ്ണിച്ചറിന് ടി സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടിയ നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റ് നം. | ഇനം | എണ്ണം | അംഗീകരിച്ച നിരക്ക് | നൽകിയ നിരക്ക് | 14.50% വാറ്റുൾപ്പടെ അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | 215/16 | Steel computer table with key board,cpu provision,1 drawer,18mm novapan top. | 2 | 6826 | 7364 | 1,232 |
| 2. | -ടി- | Steel slotted angle rack with panels(180*90*38cm) | 2 | 3920 | 4558 | 1,461 |
| 3. | -ടി- | Executive chair-revolving seat&back cushioned | 2 | 11868 | 12850 | 2,249 |
| 4. | -ടി- | Teakwood office table-180*90*75cm with 2 drawers,2 cupboard | 2 | 31302 | 36500 | 11,903 |
| 5. | 98/16 | Steel perforated arm chair -3 seater | 10 | 6565 | 8550 | 22,728 |
| | | ആകെ | | | | 39,573 |

അധികനിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/23.2.2017)- യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നഷ്ടം വന്ന 39,573/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-5** <u>സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകൾ– രേഖകൾ ഹാജരാക്കിയില്ല- **5,38,864/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറി നിർവ്വണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകകൾക്കുള്ള വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ചെലവഴിച്ച് തുക | ബിൽ നം./തീയതി |
|---|---|---|---|
| 1. | 4/16 - അഞ്ചൽ ബ്ലോക്ക് കേരളോത്സവം | 1,00,000 | 26/15-16 /31.3.2016 |
| 2. | 6/16-IKM-ന് വരിസംഖ്യ നൽകൽ | 10,000 | 20/15-16 /29.3.16 |
| 3. | 92/16- കേരളോത്സവം-2014 | 92,384 | 25/15-16 /31.3.16 |
| 4. | 96/16-ബ്ലോക്ക് പഞ്ചായത്തോഫീസിലെ സാംഖ്യയുമായി ബന്ധപ്പെട്ട് കേടായ സർവ്വറിന് പകരം പുതിയ സർവ്വർ, കമ്പ്യൂട്ടർ വാങ്ങൽ. | 1,36,990 | 7/15-16 /18.2.16 |
| 5. | 156/16-ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾ. | 1,99,490 | 6/15-16 /18.2.16 |
| | ആകെ | 5,38,864 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/23.2.16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം ചെലവഴിച്ച 5,38,864/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു..

**3-6** <u>എറം പെരിഞ്ഞേലിക്കോണം കോളനി റോഡ് കോൺക്രീറ്റ്, ആവശ്യമായ അളവിൽ സിമന്റ് ഉപയാഗിച്ചിട്ടില്ല. ഉപയാഗിക്കാത്ത സിമന്റിന് നല്കിയിട്ടുള്ള **15545/-** രൂപ നിരാകരിക്കുന്നു.</u>

റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കേണ്ട സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോൺക്രീറ്റിംഗ് ഇനം | ആവശ്യമായ സിമന്റിന്റെ അളവ് (Kg) |
|---|---|---|
| 1 | C.C.1:4:8 using 40mm broken stone | $171/m^3$ |
| 2 | C.C.1:2:4 using 20mm broken stone | $0.33/dm^3$ |

എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിച്ചിട്ടില്ല.

എറം പെരിഞ്ഞേലിക്കോണം കോളനി റോഡ് കോൺക്രീറ്റ്.

നിർവഹണം- അസി.എക്സി. എഞ്ചിനീയർ.

അടങ്കൽ തുക- 800000/- രൂപ( മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

കൺവീനർ- ശ്രീ. എം അപ്പു

കരാർ. നം/തീ- 82/AEE/LSGD/ANL/14-15 dt-25.03.2015

എം. ബുക്ക് നം.04/15-16

ആകെ പ്രവൃത്തിമൂല്യം- 754817/-രൂപ

വാറ്റ് 5%- 37741/-രൂപ

ക്ഷേമനിധി വിഹിതം 1%- 7548 /-രൂപ

800000/രൂപ (ബിൽ നം. 1/14-15/30.06.2015)

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | സിമന്റ് | 224700 |
| 2 | 40mm മെറ്റൽ | 157250 |
| 3 | 20mm മെറ്റൽ | 77700 |
| 4 | സാന്റ് | 162500 |
| 5 | ക്വാറിമക്ക് | 55500 |

| | | |
|---|---|---|
| 6 | മസ്റ്റർ റോൾ | 174000 |
| | ആകെ | 851650 |

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | കോൺക്രീറ്റിംഗിന്റെ ഇനം | കോൺക്രീറ്റിംഗിന്റെ അളവ് | ആവശ്യമായ സിമന്റിന്റെ അളവ് ( Kg) |
|---|---|---|---|
| 3 | CC 1:4:8 | 87 m3 | 14877 |
| 4 | CC 1:2:4 | 43500 dm3 | 14355 |
| ആകെ | | | 29232 |

പ്രവൃത്തിക്കായി ഉപയോഗിച്ച സിമന്റ്= (300 +235)50=26750 Kg
(ബിൽ നം.407/27.03.2015,ബി.ബി. ഹാർഡ് വെയേഴ്സ്, ഏറം 300 ബാഗ് 126000/- രൂപ ബിൽ നം. 410/28.03.2015,ബി ബി ഹാർഡ് വെയേഴ്സ് ,ഏറം 235 ബാഗ് 98700 രൂപ, ആകെ 224700/-രൂപ)

കുറവായി ഉപയോഗിച്ച സിമന്റ് = 29232-26750= 2482 Kg.

കുറവായി ഉപയോഗിച്ച 2482 Kg സിമന്റിന് എസ്റ്റിമേറ്റ് നിരക്കായ രൂ.6.263/Kg നിരക്കിൽ അനുവദിച്ച 15545/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യകതയിൽ കുറഞ്ഞ അളവിൽ സിമന്റ് ഉപയോഗിച്ചതുമൂലം, ഉപയോഗിക്കാത്ത സിമന്റിനുള്ള തുകയും കൺവീനർക്ക് നല്കിയിട്ടുണ്ട്. കൂടാതെ സിമന്റ് കുറവായി ഉപയോഗിച്ചതിനാൽ അത് പ്രവൃത്തിയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.ടി തുക കൺവീനറിൽ നിന്നോ, ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചു, 208508/- രൂപ നിരാകരിക്കുന്നു.

ഡി.എസ്.ആർ, 2014കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

C.C.1:2:4 ( 1 cement: 2 coarse sand: 4 graded stone aggregate 20mm nominal size)

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |

| | | | | | |
|---|---|---|---|---|---|
| | MATERIAL | | | | |
| 0295 | Stone Aggregate (Single Size):20mm nominal size | cum | 0.670 | 1175.00 | 787.25 |
| 0297 | Stone Aggregate (Single Size):10mm nominal size | cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone Aggregate below 40mm nominal size | cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand<br>(Zone III) | cum | 0.445 | 1200 | 534.00 |
| 2203 | Carriage of Coarse sand | cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement (0.2225 cum) | tonne | 0.320 | 6300 | 2016.00 |
| 2209 | Carriage of Cement | tonne | 0.320 | 94.65 | 30.29 |
| | LABOUR | | | | |
| 0155 | Mason (average) | day | 0.100 | 417 | 41.70 |
| 0114 | Beldar | day | 1.630 | 329 | 536.27 |
| 0101 | Bhisti | day | 0.700 | 363 | 254.10 |
| 0002 | Hire charges of concrete mixer 0.25 to 0.40 cum with Hopper | day | 0.070 | 800 | 56.00 |
| 0012 | Vibrator (Needle type 40mm) | day | 0.70 | 350 | 24.50 |
| 9999 | Sundries | LS | 14.300 | 1.78 | 25.45 |
| | Total | | | | 4706.23 |
| | Add water charge @ 1% | | | | 47.06 |
| | Total | | | | 4753.29 |
| | Add CPOH @ 15% | | | | 712.99 |
| | Cost of 1 cum | | | | 5466.28 |
| | Say | | | | 5466.30 |

മേൽ സൂചിപ്പിച്ച അടിസ്ഥാന നിരക്കിനെ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്ന തീയതിയിൽ നിലവിലുള്ള കോസ്റ്റ് ഇൻഡെക്സ് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് പ്രസ്തുത ഇനത്തിന് അനുവദനീയമായ നിരക്കായി കണക്കാക്കേണ്ടത്. ഇതനുസരിച്ച് ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റിന് അനുവദനീയമായ അടിസ്ഥാന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.1.2015-ൽ അനുവദനീയമായ നിരക്ക്= 5466.30X1.4190 = 7756.68/cum.

1.8.2015-ൽ അനുവദനീയമായ നിരക്ക്= 5466.30X1.4762= 8069.35/cum.

എന്നാൽ, പ്രസ്തുത ഇനത്തിന് നൽകിയിട്ടുള്ളത് ഡി.എസ്.ആർ, 2014 കോഡ് 11.7 പ്രകാരമുള്ള അടിസ്ഥാന നിരക്കാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Code 11.7 :- Cement Concrete pavement with 1: 2 :4
(1cement: 4 Coarse sand :4 graded stone aggregate 20mm nominal size)
including finishing complete....

| Code No | Description | unit | Quantity | Rate | Amount |
|---|---|---|---|---|---|
| | Details of cost for 1 cum | | | | |
| | MATERIAL | | | | |
| 4.1.3 | Cement Concrete 1:24<br>Rate as per Item No.4.1.3 of the SH:Concrete Work | Ccum | 1 | 4753.29 | 4753.29 (A) |
| | Extra labour for laying in floors etc. | | | | |
| 0124 | Mason (Brick layer)2nd class | day | 0.350 | 399 | 139.65 |
| 0114 | Beldar | day | 0.180 | 329 | 59.22 |
| 0101 | Bhisti | day | 0.050 | 363 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| | Total | | | | 5005.48 |
| | Add water charge @ 1% except on (A), that is, on (5005.48-4753.29) =252.79 | | | | 2.52 |
| | Total | | | | 5008 |
| | Add CPOH @ 15% | | | | 751.2 |
| | Cost of 1 cum | | | | 5759.2 |
| | say | | | | 5759.2 |

പ്രസ്തുത നിരക്കിൽ ബ്രിക്ക് ലേയിംഗ് ഉൾപ്പടെയുള്ള ഫ്ലോർ ഫിനിഷിംഗ് വർക്കുകളുടെ ലേബർ ചാർജ്ജ് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫ്ലോർ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച നിരക്കിനെ അടിസ്ഥാന നിരക്കായി പരിഗണിച്ചുകൊണ്ട് 1.7.2015 പ്രാബല്യത്തിൽ നിരക്ക് 8172.30/m3 (5759.20x1.419=8172.30) ആയും, 1.8.2015 പ്രാബല്യത്തിൽ നിരക്ക് 8501.73/m3 (5759.20x1.4762=8501.73) ആയും നിശ്ചയിച്ചിട്ടുള്ളത് അംഗീകരിക്കുന്നില്ല. ഇപ്രകാരം തുക അധികം നല്കിയതിന്റെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | അളവ് ($m^3$) | അനുവദിച്ച തുക @8172.3/$m^3$ | അനുവദനീയമായ തുക @7756.68/$m^3$ | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | ആർച്ചൽ ചക്കിയറ റോഡ് കോൺക്രീറ്റിംഗ് (22/16)<br>അടങ്കൽ തുക-500000<br>TS-218/AEE/LSGD/CDLM/15-16/-03-07-2015<br>Agmt-20/AEE/LSGD/ACL /15-16,dt 01-09-2015<br>അളവു പുസ്തകം 64/15-16<br>കരാറുകാരൻ-ശ്രീ.സുരേന്ദ്രൻ പിള്ള<br>ബിൽ നം-91/15-16,30-03-2016<br>തുക--374158രൂപ | 16.43 | 134263 | 127442 | 6821<br>(-)25%<br>(-)1705<br>5116 |
| 2 | ഇരുവേലിക്കൽ കോളനി റോഡ് കോൺക്രീറ്റിംഗ് (42/16)<br>അടങ്കൽ തുക-500000<br>TS-10/AEE/LSGD/ACL/15-16/-29-06-2015<br>Agmt-09/AEE/LSGD/ACL /15-16,dt 31-08-2015<br>അളവു പുസ്തകം 20/15-16<br>കരാറുകാരൻ-ശ്രീ.ബദറുദ്ദീൻ<br>ബിൽ നം-36/15-16,13-01-2016<br>തുക--374382രൂപ | 24.08 | 196789 | 186781 | 10008<br>(-)25%<br>(-)2502<br>7506 |
| 3 | നെടുങ്ങോട്ട്കോണം കോളനി റോഡ് കോൺക്രീറ്റിംഗ് (38/16)<br>അടങ്കൽ തുക-500000<br>TS-22/AEE/LSGD/ACL/15-16/-29-06-2015 | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)2505<br>7515 |

| | | | | | |
|---|---|---|---|---|---|
| | Agmt-30/AEE/LSGD/ACL /15-16,dt 10-09-2015<br>അളവു പുസ്തകം 52/15-16<br>കരാറുകാരൻ-ശ്രീ.ബദറുദ്ദീൻ<br>ബിൽ നം-93/15-16,13-01-2016<br>തുക--374952രൂപ | | | | |
| 4 | ദർപ്പണ നെല്ലിക്കുന്നം റോഡ് കോൺക്രീറ്റിംഗ് (22/16)<br>അടങ്കൽ തുക-500000<br>TS-125/AEE/LSGD/ACL/15-16/-01-07-2015<br>Agmt-42/AEE/LSGD/ACL /15-16,dt 16-09-2015<br>അളവു പുസ്തകം 20/15-16<br>കരാറുകാരൻ-ശ്രീ.ബദറുദ്ദീൻ<br>ബിൽ നം-36/15-16,13-01-2016<br>തുക--374382രൂപ | 23.55 | 192465 | 182670 | 9795<br>(-)25%<br>(-)2449<br>7346 |
| 5 | സെന്റ് ജോർജ്ജ് സ്കൂൾ കുണ്ടകർ റോഡ് കോൺക്രീറ്റിംഗ് (85/16)<br>അടങ്കൽ തുക-500000<br>TS-121/AEE/LSGD/ACL/15-16/-01-07-2015<br>Agmt-38/AEE/LSGD/ACL /15-16,dt 14-09-2015<br>അളവു പുസ്തകം 27/15-16<br>കരാറുകാരൻ-ശ്രീ.എം. സി റഹിം<br>ബിൽ നം-75/15-16,13-01-2016<br>തുക--374860രൂപ | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)2505<br>7515 |

| | | | | | |
|---|---|---|---|---|---|
| 6 | കുറവന്തേരി ഫോറസ്റ്റ് റോഡ് കോൺക്രീറ്റിംഗ് (39/16)<br>അടങ്കൽ തുക-500000<br>TS-08/AEE/LSGD/ACL/15-16/-29-06-2015<br>Agmt-18/AEE/LSGD/ACL /15-16,dt 01-09-2015<br>അളവു പുസ്തകം 32/15-16<br>കരാറുകാരൻ-ശ്രീ.സുരേന്ദ്രൻ പിള്ള<br>ബിൽ നം-52/15-16,29-01-2016<br>തുക--374351രൂപ | 24.08 | 196748 | 186781 | 9967<br>(-)25%<br>(-)2492<br>7475 |
| 7 | അഗസ്ത്യക്കോട് ഏറനാട് ഏലാ റോഡ് കോൺക്രീറ്റിംഗ് (12/16)<br>അടങ്കൽ തുക-500000<br>TS-03/AEE/LSGD/ACL/15-16/-29-06-2015<br>Agmt-15/AEE/LSGD/ACL /15-16,dt 04-09-2015<br>അളവു പുസ്തകം 31/15-16<br>കരാറുകാരൻ-ശ്രീ.സുരേന്ദ്രൻ പിള്ള<br>ബിൽ നം-50/15-16,29-01-2016<br>തുക--374806രൂപ | 23.36 | 190905 | 181196 | 9709<br>(-)25%<br>(-)2427<br>7282 |
| 8 | ഏറം കുട്ടൻകര റോഡ് കോൺക്രീറ്റിംഗ് (59/16)<br>അടങ്കൽ തുക-500000<br>TS-06/AEE/LSGD/ACL/15-16/-24-06-2015<br>Agmt-17/AEE/LSGD/ACL/15-16,dt 01-09-2015 | 23.55 | 192458 | 182670 | 9788<br>(-)25%<br>(-)2447<br>7341 |

| | | | | | |
|---|---|---|---|---|---|
| | അളവു പുസ്തകം 59/15-16<br>കരാറുകാരൻ-ശ്രീ.സുരേന്ദ്രൻ പിള്ള<br>ബിൽ നം-84/15-16,30-03/2016<br>തുക--374767രൂപ | | | | |
| 9 | പണ്ടാരക്കോണം ക്ഷേത്രം വാതുക്കൽ റോഡ് കോൺക്രീറ്റിംഗ് (55/16)<br>അടങ്കൽ തുക-500000<br>TS-128/AEE/LSGD/ACL/15-16/-01-07-2015<br>Agmt-11/AEE/LSGD/ACL/15-16,dt 04-09-2015<br>അളവു പുസ്തകം 13/15-16<br>കരാറുകാരൻ-ശ്രീ.റജി എബ്രഹാം<br>ബിൽ നം-40/15-16,18-01-2016<br>തുക--374382രൂപ | 24.08 | 196789 | 186781 | 10008<br>(-)25%<br>(-)2502<br>7506 |
| 10 | കുളങ്ങരയഴികത്ത് റോഡ് കോൺക്രീറ്റിംഗ് (18/16)<br>അടങ്കൽ തുക-500000<br>TS-13/AEE/LSGD/ACL/15-16/-29-06-2015<br>Agmt-22/AEE/LSGD/ACL /15-16,dt 04-09-2015<br>അളവു പുസ്തകം 18/15-16<br>കരാറുകാരൻ-ശ്രീ.കെ ബി സജീവ്<br>ബിൽ നം-35/15-16,13-01-2016<br>തുക--374785രൂപ | 23.65 | 193315 | 183445 | 9870<br>(-)25%<br>(-)2468<br>7402 |

| | | | | | |
|---|---|---|---|---|---|
| 11 | ആലുവിള കാവുംഭാഗം പൊടിയാട്ടുവിള ലിങ്ക് റോഡ് കോൺക്രീറ്റിംഗ് (45/16)<br>അടങ്കൽ തുക-500000<br>TS-122/AEE/LSGD/ACL/15-16/-01-07-2015<br>Agmt-25/AEE/LSGD/ACL /15-16,dt 10-09-2015<br>അളവു പുസ്തകം 45/15-16<br>കരാറുകാരൻ-ശ്രീ.പി ആർ മോഹനൻ<br>ബിൽ നം-71/15-16,14-03-2016<br>തുക--374860രൂപ | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)2505<br>7515 |
| 12 | അരിവണ്ണൂർ ഇലത്തുണ്ടിൽ വാഴവിള റോഡ് കോൺക്രീറ്റിംഗ് (53/16)<br>അടങ്കൽ തുക-500000<br>TS-23/AEE/LSGD/ACL/15-16/-29-06-2015<br>Agmt-27/AEE/LSGD/ACL /15-16,dt 04-09-2015<br>അളവു പുസ്തകം 30/15-16<br>കരാറുകാരൻ-ശ്രീ.കെ ബി സജീവ്<br>ബിൽ നം-46/15-16,24-01-2016<br>തുക--374832രൂപ | 24.08 | 196789 | 186781 | 10008<br>(-)25%<br>(-)2502<br>7506 |
| 13 | തൊണ്ടിയറ ഏലാമുറ്റം റോഡ് കോൺക്രീറ്റിംഗ് (63/16)<br>അടങ്കൽ തുക-500000<br>TS-129/AEE/LSGD/ACL/15-16/-01-07-2015 | 24.08 | 196789 | 186781 | 10008<br>(-)25%<br>(-)2502<br>7506 |

| | | | | | |
|---|---|---|---|---|---|
| | Agmt-28/AEE/LSGD/ACL /15-16,dt 10-09-2015<br>അളവു പുസ്തകം 63/15-16<br>കരാറുകാരൻ-ശ്രീ.കെ ബദറുദ്ദീൻ<br>ബിൽ നം-89/15-16,14-03-2016<br>തുക--374382രൂപ | | | | |
| 14 | പട്ടാഴി ജംഗ്ഷൻ മതുരപ്പാ എലാ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-120/AEE/LSGD/ACL/15-16/-01-07-2015<br>Agmt-27/AEE/LSGD/ACL /15-16,dt 10-09-2015<br>അളവു പുസ്തകം 36/15-16<br>കരാറുകാരൻ-ശ്രീ.പി ആർ മോഹനൻ<br>ബിൽ നം-57/15-16,29-01-2016<br>തുക-374860രൂപ | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)2505<br>7515 |
| 15 | പെരിഞ്ചേലിക്കോണം തോയിത്തല റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-05/AEE/LSGD/ACL/15-16/-29-06-2015<br>Agmt-25/AEE/LSGD/ACL /15-16,dt 10-09-2015<br>അളവു പുസ്തകം 25/15-16<br>കരാറുകാരൻ-ശ്രീ.കെ രാജീവ്<br>ബിൽ നം-43/15-16,29-01-2016<br>തുക--374860രൂപ | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)2505<br>7515 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 16 | ആർച്ചൽ മാമച്ചൻ കോളനി നവീകരണം (61/16)<br>അടങ്കൽ തുക-600000<br>TS-529/AEE/LSGD/ACL/15-16/-10-07-2015<br>Agmt-32/AEE/LSGD/ACL /15-16,dt 11-09-2015<br>അളവ്വ പുസ്തകം 28/15-16<br>കരാറുകാരൻ-ശ്രീ. വി എൽ അനിൽ കുമാർ<br>ബിൽ നം-56/15-16,29-01-2016<br>തുക--443958രൂപ | 16.91 | 138194 | 131165 | 7029<br>(-)25%<br>(-)1757<br>5272 |
| 17 | ചമ്പക്കര റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-12/AEE/LSGD/ACL/15-16/-29-06-2015<br>Agmt-21/AEE/LSGD/ACL/15-16,dt 04-09-2015<br>അളവ്വ പുസ്തകം 17/15-16<br>കരാറുകാരൻ-ശ്രീ.കെ ബി സജീവ്<br>ബിൽ നം-34/15-16,23-12-2015<br>തുക--374038രൂപ | 22.95 | 187554 | 178016 | 9538<br>(-)25%<br>(-)2385<br>7153 |
| 18 | നെട്ടംപച്ച റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-15/AEE/LSGD/ACL/15-16/-29-06-2015<br>Agmt-24/AEE/LSGD/ACL /15-16,dt 04-09-2015<br>അളവ്വ പുസ്തകം 16/15-16 | 24.08 | 196781 | 186781 | 10000<br>(-)20.9%<br>(-)2090<br>7910 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-ശ്രീ.ഷിബു തോമസ്<br>ബിൽ നം-41/15-16,18-01-2016<br>തുക--394831രൂപ | | | | |
| 19 | അകമൺ അംഗനവാടി എസ് സി കോളനി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-24/AEE/LSGD/ACL/15-16/-29-06-2015<br>Agmt-24/AEE/LSGD/ACL /15-16,dt 04-09-2015<br>അളവു പുസ്തകം 33/15-16<br>കരാറുകാരൻ-ശ്രീ.ബേബി വർഗീസ്<br>ബിൽ നം-41/15-16,18-01-2016<br>തുക--397052രൂപ | 24.11 | 197034 | 187014 | 10020<br>(-)20.56%<br>(-)2060<br>7960 |
| 20 | കരുകോൺ പേക്കാവ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-800000<br>TS-09/AEE/LSGD/ACL/15-16/-29-06-2015<br>Agmt-08/AEE/LSGD/ACL /15-16,dt 31-08-2015<br>അളവു പുസ്തകം 40/15-16<br>കരാറുകാരൻ-ശ്രീ.കെ ബദറുദ്ദീൻ<br>ബിൽ നം-38/15-16,13-01-2016<br>തുക-599428രൂപ | 38.55 | 315042 | 299020 | 16022<br>(-)25%<br>(-)4006<br>12016 |
| 21 | പോസ്റ്റാഫീസ് വക്കംമുക്ക് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000 | 24.08 | 196789 | 186781 | 10008<br>(-)25% |

| | | | | | |
|---|---|---|---|---|---|
| | TS-11/AEE/LSGD/ACL/15-16/-29-06-2015<br>Agmt-12/AEE/LSGD/ACL/15-16,dt 04-09-2015<br>അളവു പുസ്തകം 23/15-16<br>കരാറുകാരൻ-ശ്രീ.കെ രാജീവ്<br>ബിൽ നം-44/15-16,29-01-2016<br>തുക--374382രൂപ | | | | (-)2502<br>7506 |
| 22 | ഏറം കാരോട്ട് മഠുരപ്പാ ഏലാ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-2/AEE/LSGD/ACL/15-16/-29-06-2015<br>Agmt-10/AEE/LSGD/ACL /15-16,dt 04-09-2015<br>അളവു പുസ്തകം 24/15-16<br>കരാറുകാരൻ-ശ്രീ.കെ രാജീവ്<br>ബിൽ നം-45/15-16,29-01-2016<br>തുക--374544രൂപ | 22.97 | 187718 | 178171 | 9547<br>(-)25%<br>(-)2387<br>7160 |
| 23 | കുമ്പഴ ചെറുകടവ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-14/AEE/LSGD/ACL/15-16/-29-06-2015<br>Agmt-19/AEE/LSGD/ACL /15-16,dt 01-09-2015<br>അളവു പുസ്തകം 22/15-16<br>കരാറുകാരൻ-ശ്രീ.കെ സുരേന്ദ്രൻ പിള്ള<br>ബിൽ നം-36/15-16,13-01-2016<br>തുക--394332രൂപ | 24.08 | 196782 | 186781 | 10001<br>(-)21%<br>(-)2100<br>7901 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 24 | തോയിത്തല പെരിഞ്ഞേലിക്കോണം റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-01/AEE/LSGD/ACL/15-16/-29-06-2015<br>Agmt-07/AEE/LSGD/ACL /15-16,dt 31-08-2015<br>അളവ് പുസ്തകം 42/15-16<br>കരാറുകാരൻ-ശ്രീ.ബദറുദ്ദീൻ<br>ബിൽ നം-63/15-16,15-02-2016<br>തുക--373850രൂപ | 14.48 | 118335 | 112317 | 6018<br>(-)25%<br>(-)1505<br>4513 |
| 25 | കുശിനിമുക്ക് വെള്ളാരംകുന്ന് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-07/AEE/LSGD/ACL/15-16/-29-06-2015<br>Agmt-013/AEE/LSGD/ACL /15-16,dt 31-08-2015<br>അളവ് പുസ്തകം 15/15-16<br>കരാറുകാരൻ-ശ്രീ.വി എൽ അനിൽകുമാർ<br>ബിൽ നം-37/15-16,13-01-2016<br>തുക--374860രൂപ | 24.11 | 197034 | 187014 | 10020<br>(-)25%<br>(-)12505<br>7515 |
| 26 | വൈരവൻകോണം മുച്ചുണ്ണി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-732/AEE/LSGD/ACL/15-16/-21-01-2016 | 23.18/ | 8501.71/cum<br>197070 | 8069.35/cum<br>187048 | 10022<br>(-)25%<br>(-)2506<br>7516 |

| | | | | | |
|---|---|---|---|---|---|
| | Agmt-71/AEE/LSGD/ACL/15-16,dt 04-03-2016<br>അളവു പുസ്തകം 67/15-16<br>കരാറുകാരൻ-ശ്രീ.കെ രാജീവ്<br>ബിൽ നം-96/15-16,30-03-2016<br>തുക--374915രൂപ | | | | |
| 27 | അണങ്ങൂർ കോളനി റോഡ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-600000<br>TS-736/AEE/LSGD/ACL/15-16/-21-01-2016<br>Agmt-69/AEE/LSGD/ACL /15-16,dt 04-03-2016<br>അളവു പുസ്തകം 68/15-16<br>കരാറുകാരൻ-ശ്രീവി എൽ അനിൽകുമാർ<br>ബിൽ നം-95/15-16,30-03-2016<br>തുക--446731രൂപ | 27.61 | 8501.71/cum<br>234767 | 8069.35/cum<br>222795 | 11972<br>(-)25%<br>(-)2993<br>8979 |
| 28 | പയറ്റുവിള പുത്താറ്റ് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ തുക-500000<br>TS-730/AEE/LSGD/ACL/15-16/-21-01-2016<br>Agmt-63/AEE/LSGD/ACL /15-16,dt 03-03-2016<br>അളവു പുസ്തകം 66/15-16<br>കരാറുകാരൻ-ശ്രീ.എം സി റഹിം<br>ബിൽ നം-94/15-16,30-03-2016<br>തുക--374883രൂപ | 23.17/ | 8501.71/cum<br>197028 | 8069.35/cum<br>186967 | 10061<br>(-)25%<br>(-)2515<br>7546 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 208508 |

ടി അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം11 തീ ,25-02-2017) മറുപടി നല്കിയിട്ടില്ല. ആയതിനാൽ കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിച്ചതുമൂലം അധികമായി നല്കിയിട്ടുള്ള 208508/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-8 താമസിച്ച് കരാറിലേർപ്പെട്ടവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല,34257/- രൂപയുടെ നഷ്ടം

കേരള പൊതു മരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് നല്കേണ്ടതും, തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരൻ പരമാവധി 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഇതിനുശേഷം കരാർ തുകയുടെ 1% പിഴ ഈടാക്കികൊണ്ട് (കുറഞ്ഞത് 1000 രൂപ പരമാവധി 25000 രൂപ) 10 ദിവസം കൂടി കരാറിൽ ഏർപ്പെടാൻ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിന് ശേഷം കരാറിലേർപ്പെട്ടിട്ടുള്ളവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടുന്ന 1% പിഴ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | നോട്ടീസ് പ്രകാരം കരാറിലേർപ്പെടേണ്ട അവസാന തീയതി | കരാറിലേർപ്പെട്ട തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | കുറവന്തേരി ഫോറസ്റ്റ്റോഡ് കോൺക്രീറ്റിംഗ് | ശ്രീ.സുരേന്ദ്രൻ പിള്ള | 31-08-2015 | 01/09/15 | 374382 | 3744 |
| 2 | അഗസ്ത്യക്കോട് ഏറനാട് ഏലാ റോഡ് | ശ്രീ.സുരേന്ദ്രൻ പിള്ള | 31-08-2015 | 04/09/15 | 374806 | 3748 |
| 3 | കളങ്ങരഴികത്ത് റോഡ് | ശ്രീ.കെ ബി സജീവ് | 31-08-2015 | 04/09/15 | 374785 | 3748/ |
| 4 | അരിവണ്ണൂർ | ശ്രീ.കെ ബി | 31-08-2015 | 04/09/15 | 369708 | 3697 |

| | | | | | | |
|---|---|---|---|---|---|---|
| | ഇലത്തുണ്ടിൽ വാഴവിള കോളനി റോഡ് | സജീവ് | | | | |
| 5 | ചമ്പക്കര റോഡ് കോൺക്രീറ്റിംഗ് | ശ്രീ.കെ ബി സജീവ് | 31-08-2015 | 04/09/15 | 374038 | 3740 |
| 6 | കരിമ്പിൻകോണം മുരിക്കിൻകോട് റോഡ് | ശ്രീ.എൻ. സുരേന്ദ്രൻ | 15-09-2015 | 16/09/15 | 374464 | 3745 |
| 7 | കുമ്പഴ ചെറുകടവ് റോഡ് | ശ്രീ.സുരേന്ദ്രൻ പിള്ള | 31-08-2015 | 01/09/15 | 394332 | 3943 |
| 8 | തേവർതോട്ടം ഗുരുമന്ദിരം റോഡ് | ശ്രീ.ടി.ഗണേശ് | 31-08-2015 | 04/09/15 | 394593 | 3946 |
| 9 | തടിക്കാട് മാർക്കറ്റ് ജംഗ്ഷൻ കൈതക്കോട് റോഡ് | ശ്രീ.ടി.ഗണേശ് | 31-08-2015 | 04/09/15 | 394593 | 3946 |
| | | ആകെ | | | | 34257 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15, തീ 27-02-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ യഥാ സമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃതം പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 34257 രൂപാ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ, കരാർ വയ്ക്കുന്നതിനു മുമ്പ് പിഴ ഈടാക്കാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**3-9** ടാറിംഗ് പ്രവൃത്തികളിൽ , ആവശ്യമായ അളവിൽ ബിറ്റുമിൻ ഉപയാഗിച്ചിട്ടില്ല. ഉപയാഗിക്കാത്ത ബിറ്റുമിന് നല്കിയിട്ടുള്ള **24618/-**രൂപ നിരാകരിക്കുന്നു

റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കേണ്ട ബിറ്റുമിന്റെ അളവ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോൺക്രീറ്റിംഗിന്റെ ഇനം | ആവശ്യമായ സിമന്റിന്റെ അളവ് (Kg) |
|---|---|---|
| 1 | 20mm chipping carrpet (BT surface) | 26.6/ 10m$^2$ |
| 2 | 20mm chipping carrpet (WBM surface) | 29.1/10m$^2$ |

| | | |
|---|---|---|
| 3 | Filling up of potholes | $27.5/m^3$ |

എന്നാൽ താഴെ കൊടുത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടില്ല.

എ. നെട്ടയം കുശിനിമുക്ക് റോഡ് റീ ടാറിംഗ്

നിർവഹണം- അസി.എക്സി. എഞ്ചിനീയർ.

അടങ്കൽ തുക- 500000/- രൂപ

കൺവീനർ- ശ്രീ. സി എസ് അജിൻ

കരാർ. നം/തീ- 76/AEE/LSGD/ANL/14-15 dt-13.03.2015

എം. ബുക്ക് നം.48/15-16

ആകെ പ്രവൃത്തിമൂല്യം- 471698/-രൂപ

വാറ്റ് 5%- 23585/-രൂപ

ക്ഷേമനിധി വിഹിതം 1%-4717 /-രൂപ

500000/രൂപ (ബിൽ നം. 73/15-16/22.03.2016)

| ഇനം നം. | ടാർ പ്രവൃത്തി | അളവ് | ആവശ്യമായ ബിറ്റുമിന്റെ അളവ് ( Kg) |
|---|---|---|---|
| 5 | Filling up of potholes | 15.12 m3 | 415.8 |
| 6 | 20mm chipping carrpet (BT surface) | 1680m2 | 4468.8 |
| ആകെ | | | 4884.6 |

പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമിൻ= 4368.6 Kg
( സിഡ്കോ ഇൻവോയിസ് നം12808 തീയതി, 19-01-2016. 27 ബാരൽ 161.8Kg/ബാരൽ,)

കുറവായി ഉപയോഗിച്ച ബിറ്റുമിൻ= 4884.6-4368.6= 516 Kg.

കുറവായി ഉപയോഗിച്ച 516Kg ബിറ്റുമിന് എസ്റ്റിമേറ്റ് നിരക്കായ 41.67രൂ./Kg നിരക്കിൽ അനുവദിച്ച 21502/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി. മീൻകുളം താഴേ മീൻകുളം റോഡ് ടാറിംഗ്

നിർവഹണം- അസി.എക്സി. എഞ്ചിനീയർ.

അടങ്കൽ തുക- 500000/- രൂപ

കൺവീനർ- ശ്രീ. പി ജെ തോമസ്

കരാർ. നം/തീ- 37/AEE/LSGD/ANL/14-15 dt-19.12.2014

എം. ബുക്ക് നം.199/14-15

ആകെ പ്രവൃത്തിമൂല്യം- 470170/-രൂപ

വാറ്റ് 5%- 23509/-രൂപ

ക്ഷേമനിധി വിഹിതം 1%-4702 /-രൂപ

498381/രൂപ (ബിൽ നം. 25/15-16/31.07.2015)

| ഇനം നം. | ടാർ പ്രവൃത്തി | അളവ് | ആവശ്യമായ ബിറ്റുമിന്റെ അളവ് ( Kg) |
|---|---|---|---|
| 9 | 20mm chipping carrpet (WBM surface) | 669 m2 | 1946.79 |
| | | ആകെ | 1946.79 |

പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമിൻ= 1872 Kg
(സിഡ്കോ ഇൻവോയിസ് നം19486 തീ29-03-2015. 212ബാരൽ 156Kg/ബാരൽ)
കുറവായി ഉപയോഗിച്ച ബിറ്റുമിൻ= 1946.79-1872= 74.79 Kg

കുറവായി ഉപയോഗിച്ച 74.79Kg ബിറ്റുമിന് എസ്റ്റിമേറ്റ് നിരക്കായ രൂപ 41.67/Kg നിരക്കിൽ അനുവദിച്ച 3116/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രവൃത്തിയിൽ ആവശ്യകതയിൽ കുറഞ്ഞ അളവിൽ ബിറ്റുമിൻ ഉപയോഗിച്ചതു മൂലം ഉപയോഗിക്കാത്ത ബിറ്റുമിനും കൺവീനർക്ക് തുക നല്കിയിട്ടുണ്ട്. കൂടാതെ ബിറ്റുമിൻ കുറവായി ഉപയോഗിച്ചതിനാൽ പ്രവൃത്തിയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.ടി രണ്ടു പ്രവൃത്തികളിലായി ആകെ അധികം നല്കിയിട്ടുള്ള (21502+3116) 24618/-രൂപ കൺവീനർമാരിൽ നിന്നോ, ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 <u>ഡെപ്പോസിറ്റ് വർക്കുകൾ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 68/16 (നീറായിക്കോട്-നെടുംപച്ച പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ) പ്രകാരം വികസനഫണ്ടിൽ നിന്നും 5,00,000/-രൂപ ബിൽ നം. 17/2015-16/23.3.16 (ഡി.ഡി.നം.459623/29.3.16) മുഖേനയും പ്രോജക്റ്റ് നം.70/16(ആലപ്പൻ ക്ഷേത്രം-അംഗൻവാടി റോഡ് പൈപ്പ് ലൈൻ നീട്ടൽ) പ്രകാരം 5,00,000/- രൂപ ബിൽ നം.18/15-16 /29.3.16 (ഡി.ഡി.നം.459624/31.3.16) മുഖേനയും പ്രോജക്റ്റ് നം.100/16(സ്പിൽ ഓവർ) (കൊമ്പേറ്റിമല നാലു സെന്റ് കോളനി കുടിവെള്ള പദ്ധതി) പ്രകാരം 4,00,000/-രൂപ ബിൽ

നം.19/15-16/29.3.16 (ഡി.ഡി.നം.460436/21.4.16) മുഖേനയും പിൻവലിച്ച് കേരള വാട്ടർഅതോറിറ്റി, പി. എച്ച്.ഡിവിഷൻ, കൊട്ടാരക്കരയ്ക്ക് നൽകി. കൂടാതെ, പ്രോജക്റ്റ് നം.101/16(സ്പിൽഓവർ) (കുളത്തുപ്പുഴ സി.എച്ച്.സി. കെട്ടിടത്തിന്റെ റീവയറിംഗ്) പ്രകാരം മെയിന്റനൻസ് ഫണ്ട്-നോൺറോഡിൽ നിന്നും 6,07,500/-രൂപ ബിൽ നം.14/15-16 /23.9.16(ഡി.ഡി.നം.459238/28.3.16) മുഖേന പിൻവലിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരത്തിനും നൽകി. ഡെപ്പോസിറ്റ് വർക്കായി മേൽപറഞ്ഞ പ്രവൃത്തികൾ ചെയ്യുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എസ്റ്റിമേറ്റുകൾ പ്രകാരമാണ് തുകകൾ നൽകിയിട്ടുള്ളത്. പ്രസ്തുത പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു;

(1) 30.07.2014-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(പി) 311/14/ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% -ൽ കവിയാതെ 5 ഗഡുക്കളായും ആണ് നല്കേണ്ടത്. എന്നാൽ ഇതിനുവിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി.

(2) ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ 12.50% നിരക്കിൽ സെന്റേജ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്. സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്താതെയുള്ള എസ്റ്റിമേറ്റ് തുകകൾ താഴെ പറയും പ്രകാരമാണ്.

1.പ്രോജക്റ്റ് നം.68/16 : 4,44,234

-ടി- 70/16 : 4,42,399

-ടി- 100/16 : 3,54,220

-ടി- 101/16 : 5,40,000

ആകെ :17,80,853

ഇപ്രകാരം ആകെ 80,138/-രൂപ(17,80,853*4.5%) സെന്റേജ് ചാർജിനത്തിൽ അധികം നൽകി.

(3) മുൻകൂർ തുകകൾ നൽകിയശേഷം 30.5.2016-നാണ് കേരളാ വാട്ടർഅതോറിറ്റിയുമായി കരാർ ഒപ്പുവച്ചിട്ടുള്ളത്. കൂടാതെ കരാറിലെ ഖണ്ഡിക നം.7 പ്രകാരമുള്ള പാർട്ടുബില്ലുകൾ, ഫൈനൽ ബില്ലുകൾ എന്നിവ ലഭ്യമല്ല.

(4) ടി പദ്ധതികൾ പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3/22.2.2017) -യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സെന്റേജ് ചാർജിനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം അധികം നൽകിയ 80,138/- രൂപ അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവിന്

വിരുദ്ധമായി പദ്ധതി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതും പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

**3-11** <u>ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും വാട്ടർ കൂളർ,ഹീറ്റർ എന്നിവ വാങ്ങി- **51,234/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.97/16(അഞ്ചൽ, കുളത്തുപ്പുഴ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ കുടിവെള്ളത്തിനായി വാട്ടർ കൂളർ, ഹീറ്റർ വയ്ക്കൽ) പ്രകാരം ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും വാട്ടർകൂളർ, ഹീറ്റർ (KENT uv water purifier and bluestar water dispenser) 2 എണ്ണം നികുതിയുൾപ്പടെ 25,617/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. (ബിൽ നം. 22/15-16/29.3.16) (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) ടെണ്ടറില്ലാതെ സിഡ്കോയിൽ നിന്നും ടി സാധനങ്ങൾ വാങ്ങാൻ വ്യവസ്ഥയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 2/17.2.16) -യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 51,234/-(25,617x2) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-12** <u>അഞ്ചൽ സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ– **29,136/-**രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.</u>

മെഡിക്കലോഫീസർ, സി.എച്ച്.സി. അഞ്ചൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.9/16(അഞ്ചൽ സി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ) പ്രകാരം അഞ്ചൽ സി.എച്ച്.സി.-യിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 9,99,981/- രൂപ ബിൽ നം.4/15-16/11.2.16(2,96,820/-രൂപ), ബിൽ നം.5/15-16/23.3.16(7,03,161/-രൂപ) എന്നിവ മുഖേന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 29,136/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 29,136/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-13** <u>കുളത്തുപ്പുഴ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഫാർമസിയിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ്. എന്നിവ വാങ്ങൽ– **2** യു.പി.എസ്സ് ലഭിച്ചില്ല- **5,400/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

കുളത്തുപ്പുഴ സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കലോഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.243/16(സ്പിൽ ഓവർ) പ്രകാരം 40,000/- നിരക്കിൽ ഒരു കമ്പ്യൂട്ടർ, 2,700/- രൂപ നിരക്കിൽ 3 യു.പി.എസ്.(v Guard), 12,000/-രൂപ നിരക്കിൽ 1 പ്രിന്റർ (HP Laserjet) എന്നിവ വാങ്ങിയതിന് ഷെഫിൻ സൂപ്പർ മാർക്കറ്റ് & ഹോം അപ്ലയൻസസ്, ചോഴിയക്കോട്, കുളത്തുപ്പുഴ എന്ന സ്ഥാപനത്തിന് മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡിൽ നിന്നും ബിൽ നം.4/15-16/29.3.2016 മുഖേന 60,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി സാധനങ്ങളിൽ 2 യു.പി.എസ് നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/28.2.2017-ന് മറുപടി

ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ രണ്ട് യു.പി.എസ്സിനായി ചെലവഴിച്ച 5,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത യു.പി.എസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ അതിന്റെ വില ഈടാക്കുകയോ ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 ബ്ലോക്ക് പഞ്ചായത്തിന് അനുമതിയില്ലാത്ത ഇനത്തിൽ ധനസഹായം നൽകിയ 532500/- രൂപ തടസ്സപ്പെടുത്തുന്നു

2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഞ്ചൽ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന 15 വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടാണ് ലാപ്ടോപ് വാങ്ങി നൽകിയിരിക്കുന്നത്.
പ്രോജക്ട് സംബന്ധിച്ച വിവരം താഴെ പറയുന്നു.

പ്രോജക്ട് നം. S0151/16

വികസനഫണ്ട്. 532500/- രൂപ

ബിൽ നം.03/15-16/30.03.16:532500/- രൂപ(വികസന ഫണ്ട് പ്രത്യേക ഘടക പദ്ധതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ.

സർക്കാർ ഉത്തരവ് (സാധാരണ) നം. 787/2015/ തദ്ദേശ സ്വയം ഭരണ വകുപ്പ്, തീയതി 18-03-15 പ്രകാരം പട്ടിക ജാതി – വർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.2/22.02.17 )ക്ക് അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ സ്പിൽ ഓവർ പ്രോജെക്ട് ആയി ഉൾപ്പെടുത്തിയാണ് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുള്ളത് എന്ന മറുപടി അംഗീകരിക്കുന്നില്ല .16.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 362/13/തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങളിൽ എസ്.സി.പി. മേഖലയിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനാണ് പ്രസ്തുത ഉത്തരവിലൂടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതിനൽകിയിട്ടുള്ളത്. 18-03-15ലെ ഉത്തരവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിന് പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും മാത്രം ചുമതലപ്പെടുത്തിയിരിക്കെ ആയതിന് വിരുദ്ധമായിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 532500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 സബ് ഡിവിഷണൽ മജിസ്ട്രേറ്റ്കോടതിയുടെ ഉത്തരവ് പാലിക്കാതെ ലേലതുക സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കുളത്തുപ്പുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടങ്ങൾക്ക് സമീപം, ടി കെട്ടിടങ്ങൾക്കും, ടി സ്ഥാപനത്തിൽ ചികിത്സയ്ക്കായും

അല്ലാതെയും എത്തിച്ചേരുന്ന പൊതു ജനങ്ങളുടെയും ജീവനും സ്വത്തിനും ഭീഷണിയായി, വൻ ദുരന്തമുണ്ടാകുവാൻ സാധ്യതയുള്ള തരത്തിൽ നിന്നിരുന്ന മൂന്ന് മാവ്, നാല് മരുതി എന്നീ വൃക്ഷങ്ങൾ മുറിച്ചുമാറ്റാൻ അഞ്ചൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ നടപടി സ്വീകരിക്കേണ്ടതും, മുറിച്ച് നീക്കപ്പെട്ട തടികൾ നിയമാനുസൃതം ലേലം ചെയ്ത് സർക്കാർ ഖജനാവിൽ മുതൽകൂട്ടേണ്ടതും, മുറിച്ച് മാറ്റപ്പെട്ട വൃക്ഷങ്ങൾക്ക് പകരമായി മുറിച്ച്മാറ്റപ്പെട്ട വൃക്ഷങ്ങളുടെ അത്രയും ഇരട്ടി എണ്ണം വൃക്ഷങ്ങൾ ടി കോമ്പൗണ്ടിൽതന്നെ ഭാവിയിൽ കെട്ടിടങ്ങൾക്ക് ഭീഷണിയുണ്ടാകാത്ത് അകലത്തിൽ നട്ടുപരിപാലിക്കേണ്ടതാണെന്നും സബ് ഡിവിഷണൽ മജിസ്ട്രേറ്റ്കോടതി, കൊല്ലം (ഉത്തരവ് നം.11.9.2015 ലെ എം.സി. 562/2013 (എൻ) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ മരം മുറിക്കുന്നതിനായി വൗച്ചർ നമ്പർ.14-9/15-16,26.9.15 (ചെക്ക് നമ്പർ.2542520/26.9.15) പ്രകാരം 49500/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർന്ന് ലേലതുകയായ 1,11,000/- രൂപയും മറ്റ് നികുതികളും ഉൾപ്പടെ 136786/- രൂപ (3.10.15 ൽ 50,000/-ഉം 13.10.15 ൽ 85,554/-ഉം, 4.4.16 ൽ 1232/-ഉം) അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നികുതികൾ ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കു വരുത്തിയെങ്കിലും, ലേലതുകയായ 1,11,000/- രൂപ സർക്കാർ ഖജനാവിലേക്ക് മുതൽ കൂട്ടാതെ, നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷി ച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നമ്പർ.13/25.2.17) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ കൊല്ലം സബ് ഡിവിഷണൽ മജിസ്ട്രേറ്റ്കോടതിയുടെ 11.9.2015 ലെ എം.സി.562/2013(എൻ) ഉത്തരവ് പാലിച്ചുകൊണ്ട് ലേല തുക സർക്കാർ ഖജനാവിൽ മുതൽക്കൂട്ടി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 കുളത്തൂപ്പുഴ സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ- 2,13,500/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.

മെഡിക്കലോഫീസർ സി.എച്ച്.സി.കുളത്തൂപ്പുഴ നിർവ്വഹണോദ്യോഗസ്ഥ നായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.159/16(കുളത്തൂപ്പുഴ സി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ) പ്രകാരം കുളത്തൂപ്പുഴ സി.എച്ച്.സി യിലേയ്ക്ക് മരുന്ന് ലഭ്യമാക്കു ന്നതിനായി മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡിൽ നിന്നും 5,00,000/- രൂപ ബിൽ നം.4/15-16/13.2.16 മുഖേന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 2,13,500/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2,13,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 കുളത്തൂപ്പുഴ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ലാബ്, മൈനർ ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിൽ ശീതീകരണം- വാങ്ങിയ ഏ.സി. പ്രവർത്തന സജ്ജമാക്കിയില്ല.

കുളത്തൂപ്പുഴ സാമൂഹികാരോഗ്യകേന്ദ്രം മെഡിക്കലോഫീസർ നിർവ്വഹണോ ദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 188/16(സ്പിൽ ഓവർ) പ്രകാരം സാമൂഹികാ

രോഗ്യകേന്ദ്രത്തിലെ ലാബ്, മിനി ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിൽ രണ്ട് എ.സി. 35,000/- രൂപ നിരക്കിൽ ബിൽ നം.3/15-16/29.1.16(മെയിന്റനൻസ് ഗ്രാന്റ്–നോൺ റോഡ്) മുഖേന വാങ്ങി സ്ഥാപിച്ചെങ്കിലും അവ നാളിതുവരെയും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഇതിൽ ഒരു എ.സി. സ്ഥാപിച്ചിട്ടുള്ള മിനി ഓപ്പറേഷൻ തിയേറ്റർ ഓപ്പറേഷനുവേണ്ടി സജ്ജീകരിച്ചിട്ട പോലുമില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/28.2.17-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 70,000/-(35,000x2) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3-18** അംഗനവാടി പുനരുദ്ധാരണത്തിനുള്ള കേന്ദ്ര സഹായം ഉപയോഗിച്ച് പുനരുദ്ധാരണം നിർവ്വഹിച്ച അംഗനവാടി കെട്ടിടത്തിൽ സ്വകാര്യ ഗ്രന്ഥശാല പ്രവർത്തിക്കുന്നു. പുനരുദ്ധാരണംത്തിനായി ചെലവഴിച്ച **493706/-** രൂപ തടസ്സപ്പെടുത്തുന്നു.
അഗസ്ത്യക്കോട് അംഗനവാടി പുനരുദ്ധാരണം

നിർവഹണം- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

അടങ്കൽ തുക- 500000/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)

കൺവീനർ- ശ്രീ. തുളസീധരൻ,അരുണോദയം അഗസ്ത്യക്കോട്

കരാർ. നം/തീ- 772/AEE/LSGD/ANL/14-15 dt-03.03.2015

എം. ബുക്ക് നം.71/15-16

ആകെ പ്രവൃത്തിമൂല്യം- 465760/-രൂപ

വാറ്റ് 5%- 23288/-രൂപ

ക്ഷേമനിധി വിഹിതം 1%-4658 /-രൂപ

493706/രൂപ (ചെക്ക് നമ്പർ322546/31.03.2016)

ടി പ്രോജക്ട് പ്രകാരം അംഗനവാടി കെട്ടിടത്തിന്റെ മുകൾ നിലയുടെ നവീകരണമാണ് നടത്തിയിട്ടുള്ളത്. നേരിട്ടുള്ളപരിശോധനയിൽ നവീകരിച്ച മുകൾ നിലയിൽ നവജ്യോതി ലൈബ്രറി, പാറവിള എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി കണ്ടു. ടി സ്ഥാപനത്തിന്റെ ബോർഡും മുകൾ നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. അംഗനവാടി പുനരുദ്ധാരണത്തിനുള്ള കേന്ദ്ര സഹായം ഉപയോഗിച്ച് പുനരുദ്ധാരണം നിർവ്വഹിച്ച അംഗനവാടി കെട്ടിടത്തിൽ സ്വകാര്യ ഗ്രന്ഥശാല പ്രവർത്തിക്കുന്നതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 18 തീ 28-02-2017) മറുപടി നല്കിയിട്ടില്ല. ആയതിനാൽ അംഗനവാടി പുനരുദ്ധാരണംത്തിനായി ചെലവഴിച്ച 493706 രൂപാ തടസ്സപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനം അംഗൻവാടി കെട്ടിടത്തിൽ പ്രവർത്തിക്കുവാൻ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും, കെട്ടിടം പൂർണ്ണമായും അംഗനവാടിയുടെ പ്രവർത്തനത്തിനായി വിട്ടുകൊടുക്കേണ്ടതുമാണ്.

**3-19** ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി നിർവ്വഹണത്തിന് സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തി വേതനം നൽകി **- 15200/-**രൂപ തടസ്സപ്പെടുത്തുന്നു.

ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയുടെ ഡാറ്റാ എൻട്രി വർക്കുകൾക്കും ഫയലുകൾ രജിസ്റ്റർ ചെയ്യുന്നതിനും സാങ്ഷൻ ചെയ്യുന്നതിനുള്ള എൻട്രികൾ ചെയ്യുന്നതിനും, ഓർഡർഷീറ്റ് ജനറേറ്റ് ചെയ്യുകയും വി.ഇ.ഒ മാരുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് ഫയൽ ചെയ്യുന്നതിനും ഫണ്ട് ട്രാൻസ്ഫർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമായി ദിവസവേതനമിനത്തിൽ താൽക്കാലികമായി നിയമനം നടത്തി വേതനം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| 1 | ശ്രീ.വിപിൻരാജ് | 14/4/15-16 | 2102155/25.4.15 | 5200 |
| 2 | ശ്രീ.വിപിൻരാജ് | 7/8/15-16 | 2542492/12.8.15 | 10000 |
| | | | ആകെ | 15200 |

ഇന്ദിര ആവാസ് യോജനയുടെ ഭാഗമായ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ (ഡിഡി) വകുപ്പിന്റെ 12.02.15 ലെ 41/ഡിസി1/2014 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആവാസ് സോഫ്റ്റ് വെയറിലേക്ക് ഡേറ്റാ എൻട്രി നടത്തുന്നതിന് ആത്യാവശ്യ ഘട്ടങ്ങളിൽ മാത്രം പ്രോജക്ട് ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ ബ്ലോക്കുകളിൽ ദിവസ വേതനമടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും, അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ നിന്നും ചെലവഴിക്കാതെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുമാണ് തുക നൽകിയിരിക്കുന്നത്. ഇത്തരത്തിൽ.ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിനായി താൽക്കാലികാടിസ്ഥാനത്തിൽ ആളെ നിയമിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/23.02.2017 ന് പ്രോജക്ട് ഡയറക്ടറുടെ ഉത്തരവ് നിലവിലുണ്ടെന്ന് വാക്കാൽ മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ 15200/- രൂപ തടസ്സപ്പെടുത്തുന്നു.

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ച 15200/- രൂപ ഐ.എ.വൈ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-20 ഐ.എ.വൈ ഡേറ്റാ എൻട്രി ചെയ്ത ഇനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഡേറ്റ എൻട്രിഓപ്പറേറ്റർമാർക്ക് വേതനം നൽകിയിരിക്കുന്നു

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ ഡേറ്റാ എൻട്രി ചെയ്ത ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ഡേറ്റ എൻട്രിഓപ്പറേറ്റർമാർക്ക് വേതനം നൽകിയിട്ടുണ്ട്. എന്നാൽ ഇന്ദിര ആവാസ് യോജനയുടെ ഭാഗമായ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പിന്റെ 12.2.15 ലെ 41/ഡിഡി1/2014/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ആവാസ് സോഫ്റ്റ് വെയറിലേക്ക് ഡാറ്റാ എൻട്രി നടത്തുന്നതിന് അത്യാവശ്യഘട്ടങ്ങളിൽ മാത്രം പ്രോജക്ട് ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ ബ്ലോക്കുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി ആഫീസർമാരെ നിയോഗിക്കാവുന്നതാണ് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും എം.ജി.എൻ. ആർ.ഇ.ജി.എസ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇതിനായി നിയോഗിക്കാവുന്നതാണ് എന്നു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലില്ല. വേതനം നൽകിയതു സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വേതനം നൽകിയത് | ചെക്ക്നമ്പർ/ തീ | തുക |
|---|---|---|---|
| 1 | യൂബി ബിനു | 100365/16.10.15 | 1500 |
| 2 | രഞ്ജിനി | 2821/16.10.15 | 1500 |
| 3 | യൂബി ബിനു | 12822/16.10.15 | 1500 |
| 4 | രഞ്ജിനി | 12823/16.10.15 | 1500 |
| 5 | യൂബി ബിനു | 012824/21.11.15 | 1500 |
| 6 | രഞ്ജിനി | 012824/21.11.15 | 1500 |
| 7 | യൂബി ബിനു | 012826/1.1.16 | 3000 |
| 8 | രഞ്ജിനി | 012826/1.1.16 | 3000 |
| 9 | യൂബി ബിനു | 012827/2.2.16 | 1500 |
| 10 | രഞ്ജിനി | 012827/2.2.16 | 1500 |

| | | | |
|---|---|---|---|
| | | ആകെ | 18000 |

മേൽ അപാകത സംബന്ധിച്ച് എൻക്വയറി (19/28.2.17) മുഖാന്തിരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ഐ.എ.വൈ ഡേറ്റാ എൻട്രി ചെയ്ത ഇനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഡേറ്റ എൻട്രിഓപ്പറേറ്റർമാർക്ക് നൽകിയ 18000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | നീറായിക്കോട്-നെടുമ്പച്ച പ്രദേശങ്ങളിൽ കുയിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 17/15-16, 26.3.16 | 5,00,000 | 5,00,000 | - |
| വാട്ടർ അതോറിറ്റി | അച്ചൻകോവിലാറിൽ വടക്കേക്കര 10 ാം ബ്ലോക്ക് മുതൽ ഈച്ചമറ്റിൻ ഭാഗം വരെയുള്ള കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 19/15-16 | 5,00,000 | 5,00,000 | - |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ആലപ്പൻ ക്ഷേത്രം അംഗൻവാടി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 18/15-16, 26.3.16 | 5,00,000 | 5,00,000 | - |
| പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗ് | കുളത്തുപ്പുഴ സി.എച്ച്.സി കെട്ടിടത്തിന്റെ റീ വയറിംഗ് | | 6,21,000 | 6,01,500 | 19500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ആവശ്യപ്പെട്ട് എൻക്വയറി (14/25.2.17 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിൽ തൻവർഷം 20258/-രൂപ വരവ് വന്നിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, വിവരങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി(14/25.2.17 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഈയിനത്തിൽ തൻവർഷം ലഭിച്ച 20258/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 20258 | ശ്രീമതി.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ലഭ്യമാക്കിയില്ല |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-1999 | - | 2001-2002 | 1-2 | ആംബുലൻസ് ഷെഡ് നിർമ്മാണം 21,394/- രൂപയുടെ അധിക ചെലവ് |
| 1999-2000 | 20 | 2002-2003 | VII 2-4-1 | ആംബുലൻസിൽ നിന്നുള്ള വരവ് ധനദുർവിനിയോഗം |
| 2000-2001 | 3-1 | 2004-2005 | II 2-1 | കാർഷിക മേള നടത്തിയതിൽ അനധികൃത ചെലവ് |
| 2011-2012 | 3-43 | 2013-2014 | 5-3-15 | കരുകോൺ വനിതാ പ്രവർത്തന കേന്ദ്രം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 264098457 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 156700972 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 516431 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2280640 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 70000 | ശ്രീമതി. ജെ സരള,ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| 3-2 | | 158187 | ശ്രീമതി.ഇ. ആർ. ബിജിമോൾ<br>അസി. എക്സി. എഞ്ചിനീയർ |
| 3-4 | | 39573 | ശ്രീമതി. എസ്. ശ്രീശുഭ<br>സെക്രട്ടറി |
| 3-6 | | 15545 | ശ്രീമതി. കെ. എസ്. മഞ്ജു<br>അസി. എക്സി. എഞ്ചിനീയർ |
| 3-7 | | 208508 | 184467-ശ്രീമതി. കെ. എസ്. മഞ്ജു<br>അസി. എക്സി. എഞ്ചിനീയർ<br>24041-ശ്രീമതി.ഇ. ആർ. ബിജിമോൾ<br>അസി. എക്സി. എഞ്ചിനീയർ |
| 3-9 | | 24618 | 21502-ശ്രീമതി.ഇ. ആർ.ബിജിമോൾ<br>അസി. എക്സി. എഞ്ചിനീയർ<br>3116-ശ്രീമതി. കെ. എസ്. മഞ്ജു<br>അസി. എക്സി. എഞ്ചിനീയർ |
| 3-20 | | 18000 | ശ്രീ. ജി സുധാകരൻ,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5006500 | ശ്രീമതി. ജെ സരള, സി ഡി പി ഒ, |
| 3-3 | 99000 | ശ്രീ. സുദർശനൻ ആചാരി പട്ടികജാതി വികസന ഓഫീസർ |
| 3-5 | 538864 | ശ്രീമതി. എസ്. ശ്രീശുഭ, സെക്രട്ടറി |
| 3-11 | 51234 | ശ്രീമതി. എസ്. ശ്രീശുഭ, സെക്രട്ടറി |
| 3-12 | 29136 | ഡോ.ഷമീർ, മെഡിക്കൽ ഓഫീസർ, അഞ്ചൽ സി എച്ച് സി |
| 3-13 | 5400 | ഡോ എസ് ഹരീഷ്, മെഡിക്കൽ ഓഫീസർ,കുളത്തുപ്പുഴ സി എച്ച് സി |
| 3-14 | 532500 | ശ്രീ. സുദർശനൻ ആചാരി പട്ടികജാതി വികസന ഓഫീസർ |
| 3-16 | 213500 | ഡോ .എസ്. ഹരീഷ് മെഡിക്കൽ ഓഫീസർ, കുളത്തുപ്പുഴ സി എച്ച് സി |
| 3-17 | 70000 | ഡോ .എസ്. ഹരീഷ് മെഡിക്കൽ ഓഫീസർ, കുളത്തുപ്പുഴ സി എച്ച് സി |
| 3-18 | 493706 | ശ്രീമതി.ഇ .ആർ ബിജിമോൾ, അസി. എക്സി. എഞ്ചിനീയർ |
| 3-19 | 15200 | ശ്രീ. ജി.സുധാകരൻ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീമതി. ജെ സരള,സി ഡി പി ഒ, | സി ഡി പി ഒ,ഐസിഡിഎസ് പ്രോജക്ട് ഓഫീസ് ,അഞ്ചൽ | അനശ്വരം, തെന്നൂർകോണം, വിഴിഞ്ഞം-695521 |
| ശ്രീമതി.ഇ ആർ ബിജിമോൾഅസി. എക്സി. എഞ്ചിനീയർ | - | വട്ടവിളവീട്,വാലുപച്ച പിഒ,ചിതറ, കൊല്ലം |
| ശ്രീമതി. കെ എസ് മഞ്ജുഅസി. എക്സി. എഞ്ചിനീയർ | - | ധ്വനി,പത്മനാഭനഗർ, വഴയില, കരകുളം |
| ശ്രീമതി. എസ്. ശ്രീശുഭ ,സെക്രട്ടറി | ജില്ലാ വനിതാ ക്ഷേമ ഓഫീസർ, കൊല്ലം | ശ്രീസുജ,തിരുമല പിഒ, തിരുവനന്തപുരം |
| ശ്രീ ജി സുധാകരൻ സെക്രട്ടറി | ലഭ്യമാക്കിയിട്ടില്ല | ചന്ദ്രഗിരി, തേവന്നൂർ, ആയൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 2 | 1997-98 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 3 | 1998-99 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 4 | 1999-2000 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 5 | 2000-01 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 6 |
| 6 | 2001-02 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 3 |
| 7 | 2002-03 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 9 |
| 8 | 2003-04 | എൽ.എഫ്.ക്യു.ഡി.ബി.1377(1)- തീയതി 27-06-2014 | 8 |

| | | | |
|---|---|---|---|
| 9 | 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 12 |
| 10 | 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1377(1)- തീയതി 27-06-2014 | 5 |
| 11 | 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1377(2)- തീയതി 23-06-2014 | 13 |
| 12 | 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1377(3)- തീയതി 23-06-2014 | 7 |
| 13 | 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1377(4)- തീയതി 23-06-2014 | 14 |
| 14 | 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1377(5)- തീയതി 27-06-2014 | 7 |
| 15 | 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1377(6)- തീയതി 27-06-2014 | 6 |
| 16 | 2011-12&<br>2012-13 | എൽ.എഫ്.ക്യൂ.ഡി.ബി.790/14- തീയതി 07-11-14<br>/ 30-01-2015 | 42 |
| 17 | 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി 1734/16,20.02.17 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-ഡി.ബി 457/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി, 13/03/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.